**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2659** **17-03-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിവിധ പദ്ധതി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പിനുകീഴിൽ നടന്നു വരുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വിശദമാക്കാമോ; | (എ) | (1) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അമ്പലത്തറ 220 കെ.വി സബ്സ്റ്റേഷനിൽ രണ്ടാമത്തെ 100 എം.വി.എ 220/110 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 2022 ഏപ്രിൽ മാസം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. (2) കാഞ്ഞങ്ങാട് 110 കെ.വി സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. (3)കാഞ്ഞങ്ങാട് മണ്ഡലത്തിൽ ദ്യുതി പദ്ധതി പ്രകാരം 112 പ്രവൃത്തികൾ പൂർത്തിയായി. 52 പ്രവൃത്തികൾ നടന്നു വരുന്നു . (4) തെരുവ് വിളക്കുകൾ എൽ ഇ ഡി ആക്കി മാറ്റുന്ന നിലാവ് പദ്ധതിയുടെ ഒന്നാം ഘട്ട പ്രകാരം 18 Watts ന്റെ 1000 ബൾബുകളും 35 Watts ന്റെ 742 ബൾബുകളും സ്ഥാപിച്ചിട്ടുണ്ട്. നിലാവിന്റെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും ലഭ്യമാക്കാമോ? | (ബി) | ട്രാൻസ്ഫോർമറുകളും ത്രീ ഫേസ് ലൈനുകളും സ്ഥാപിക്കുന്നത് ദ്യുതി പദ്ധതി പ്രകാരമാണ്. നിലവിലുള്ള 25 കെ വി എ, 63 കെ വി എ ട്രാൻസ്ഫോർമറുകൾ 100 കെ വി എ ആക്കുന്ന പ്രവൃത്തികളിൽ (upgradation) 8 എണ്ണം പൂർത്തിയായി. രണ്ട് പ്രവൃത്തികൾ പുരോഗ മിച്ചുവരുന്നു. കൂടാതെ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 6 എണ്ണം പൂർത്തീകരിക്കുകയും 3 പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു .നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആകുന്ന പ്രവൃത്തിയും പുതിയതായി ത്രീ ഫേസ് ലൈൻ നിർമിക്കുന്ന പ്രവൃത്തിയും കൂടി 11 പ്രവൃത്തികൾ പൂർത്തിയായി. 3 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ